# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 578 28.10.2016-ൽ മറുപടിയ്ക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്പിൽ ഓവർ വർക്കുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ആർ.രാജേഷ്<br>ശ്രീ. ജയിംസ് മാത്യൂ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പി.വി. അൻവർ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളിൽ സ്പിൽ ഓവർ വർക്കുകളുടെ അനുമതി സംബന്ധിച്ച് എന്തെങ്കിലും അവ്യക്തത നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | ഇല്ല. 26.07.2016-ലെ സ.ഉ (സാധാ) നം.6298/2016/ഫിൻ ഉത്തരവ് പ്രകാരം 2016-17 വർഷത്തെ ബഡ്ജറ്റ് അലോക്കേഷനിൽ അധികരിക്കാത്ത വിധം സ്പിൽ ഓവർ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കേണ്ട പദ്ധതികളുടെ ധന വിനിയോഗം സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) | ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ധനവിനിയോഗം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. 20.07.2011-ലെ സ.ഉ (സാധാ) നം.1731/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും മെയിന്റനൻസിനുമാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. |
| (സി) | പഞ്ചായത്തുകളുടെ വിസ്തൃതി, ജന സംഖ്യ, നടപ്പിലാക്കേണ്ട പ്രവൃത്തി കളുടെ ബാഹുല്യം എന്നിവ കണക്കി ലെടുത്ത് നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ